# റെയിൽപാതക്കെതിരെ വടുതലക്കാരുടെ സമരം

**കേരളീയം ന്യൂസ് സർവ്വീസ്**

## കൊച്ചിയിൽ സമ്പന്നർക്കും കുഞ്ഞാടുകൾക്കുംവേണ്ടി ഒരസാധാരണ കുടിയൊഴിക്കൽ

**ഇന്നത്തെ** കാലത്ത് വികസനത്തിന്റെ മുഖം ഇതുപോലെത്തന്നെയാണ്. ഏതു വൻവികസന പദ്ധതിയുടെയും ഇരകൾ ദരിദ്രരും ദുർബലരുമാണ്. ഗുണഭോക്താക്കൾ സമ്പന്നരും അധികാരികളും കൊച്ചിയുടെ മഹത്തായ വികസനമെന്ന് എല്ലാവരും ഉൽഘോഷിക്കുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി യഥാർത്ഥത്തിൽ കേരളത്തിനും കൊച്ചിക്കും ഏതെല്ലാം വിധത്തിൽ ദ്രോഹകരമായിരിക്കുമെന്ന കാര്യം ചർച്ച ചെയ്യാൻ ആരും തയ്യാറല്ല. നിലവിലുള്ള കൊച്ചി തുറമുഖം ഒരു ദുബായ് കമ്പനിയുടെ നിയന്ത്രണത്തിലാകുന്നു, ഈ വികസനത്തിനുവേണ്ടി കടലിലും കായലിലും നടത്തുന്ന ഡ്രെഡ്ജിങ്ങും തുടങ്ങിയ പ്രവർത്തനങ്ങൾ നമ്മുടെ തീരപ്രദേശത്തിന് എത്രമാത്രം ഹാനികരമാകുന്നു, മത്സ്യസമ്പത്തിന് എത്രനാശമുണ്ടാക്കുന്നു തുടങ്ങിയ പ്രശ്നങ്ങളെല്ലാം തൽക്കാലം മറക്കാം. നിലവിലുള്ള റെയിൽവേ ലൈനിൽ നിന്നും വല്ലാർപാടത്തേക്ക് പുതിയ പാതയിടുന്നതിനുവേണ്ടിയുള്ള നിർദ്ദേശം വന്നു. അതിനായുള്ള പദ്ധതി തയ്യാറാക്കിയപ്പോൾ അഞ്ചു സാദ്ധ്യതാ റൂട്ടുകൾ കണ്ടെത്തി. പഴയ (ഉപേക്ഷിക്കപ്പെട്ട) റെയിൽപാത വികസിപ്പിച്ച് സർക്കാർ അധീനതയിലുള്ളതും ഇപ്പോൾ ഉപയോഗിക്കാത്തതുമായ ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ യാർഡിലൂടെയുള്ളതാണ് ഒന്നാമത്തെ നിർദ്ദേശം. ഈ വഴി പോയാൽ അതിസമ്പന്നരായ കുറച്ചുപേർ കൊട്ടാരം കണക്കുള്ള വില്ലകൾ പണിതു താമസിക്കുന്ന കോമ്പൗണ്ടിനു മുന്നിലൂടെയാകും എന്നതിനാൽ, ഒരു വീടുപോലും ഒഴിപ്പിക്കേണ്ടതില്ലെങ്കിൽപ്പോലും, ആ നിർദ്ദേശം പിന്തള്ളപ്പെട്ടു. ഇതിനു മറയാക്കി നിർത്തിയത് ഒരു മതസ്ഥാപനം നടത്തുന്ന ആശുപത്രിയാണ്. യഥാർത്ഥത്തിൽ ആശുപത്രിക്കൊന്നും സംഭവിക്കില്ല. അവരുടെ കാർ പാർക്കിങ്ങിനുള്ള സ്ഥലം അൽപം കുറയുമെന്നു മാത്രം. എന്നാൽ മെത്രാനടക്കമുള്ളവർ രംഗത്തുവന്നപ്പോൾ രാഷ്ട്രീയകക്ഷികൾ പിൻവാങ്ങി. സമ്പന്നർക്കു വേണ്ടിയാണല്ലോ യേശുക്രിസ്തു നിലകൊണ്ടത്!?

അറുനൂറിലേറെ കുടുംബങ്ങളെ ഒഴിപ്പിച്ചുകൊണ്ട് വടുതല-മുളവുകാട് വഴിയുള്ള രണ്ടാം നിർദ്ദേശമാണ് അധികൃതർക്കു ബോധിച്ചത്. ആ വഴി പോയാൽ ഒരു സമ്പന്നന്റെയും വീടു പോകില്ല. മറ്റു നിർദ്ദേശങ്ങളെല്ലാം താരതമ്യേന ആളൊഴിഞ്ഞ പ്രദേശങ്ങളിലൂടെയാണെങ്കിലും ഇതാണു മെച്ചമെന്ന് 'വിദഗ്ദ്ധസമിതി' പറയുന്നു. ആൾത്താമസമില്ലാത്ത പാടങ്ങളും ചതുപ്പുകളും മുൻകൂർ വാങ്ങിക്കൂട്ടി റിയൽ എസ്റ്റേറ്റ് സ്വപ്നങ്ങൾ നെയ്തിരിക്കുന്നവരാണത്രേ പല രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും. സാധാരണ ജനങ്ങൾ – അതിൽ വലിയൊരു വിഭാഗവും സഭയുടെ വിശ്വാസികൾ – ആണെന്നറിഞ്ഞിട്ടും തിരുസഭയുടെ തലവന്മാർക്കും യാതൊരു കുലുക്കവുമില്ല. ജനസാന്ദ്രതയുടെ കള്ളക്കണക്കുകൾ വച്ച് പോർട്ട് ട്രസ്റ്റ് തയ്യാറാക്കിയ റിപ്പോർട്ടുകൾ ശുദ്ധ അസത്യമാണെന്ന് സ്ഥാപിക്കാൻ തദ്ദേശവാസികൾക്കൊരു വിഷമവുമുണ്ടായില്ല. അവർ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ, കക്ഷിരാഷ്ട്രീയഭേദമില്ലാതെ സംഘടിച്ചു. പോർട്ട് ട്രസ്റ്റ് സത്യാഗ്രഹം, റെയിൽ തടയൽ തുടങ്ങി നിരവധി സമരങ്ങൾ അവർ നടത്തി. ഇപ്പോൾ പ്രാദേശികതലത്തിൽ മിക്ക രാഷ്ട്രീയ കക്ഷികളും ഈ സമരത്തിനൊപ്പമാണ്. 'വികസന വാദി'കളായ കുറച്ച് ഉന്നത നേതാക്കൾമ മാത്രം മറുപക്ഷത്തും. ഈ പാത സുരക്ഷിതമാകില്ലെന്ന് റെയിൽവേ പോലും പറയുന്നു. അതൊന്നും കേൾക്കാൻ മുഖ്യമന്ത്രിയടക്കമുള്ളവർക്കു സമയമില്ല. 'അതിവേഗം ബഹുദൂരം' പോകുകയാണല്ലോ അദ്ദേഹം.

ജനങ്ങളുടെ ആവശ്യങ്ങളും പരാതികളും അവഗണിച്ചുകൊണ്ട് സർക്കാർ സ്ഥലമെടുപ്പിനു തുനിഞ്ഞാൽ നിയമവിധേയവും അല്ലാത്തതുമായ മാർഗങ്ങളിലൂടെ അതിനെ നേരിടാൻ തയ്യാറായിരിക്കുകയാണ് പ്രദേശ വാസികൾ. 'വികസനത്തിന്റെ ഇരകളാ'ണ് തങ്ങളെന്നു തിരിച്ചറിയുന്ന അപൂർവ്വ സന്ദർഭമാണിത്.


### സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

കൃഷി, പരിസ്ഥിതിയും വികസനവും, മനുഷ്യാവകാശം, സ്ത്രീനീതി, ദളിത്, വിദ്യാഭ്യാസം ഉപഭോക്തൃ-സംരക്ഷണം തുടങ്ങിയ മേഖലകളിൽ സജീവമായ ഇടപെടലുകൾ നടത്തിവരുന്ന കേരളീയം സാമൂഹ്യ-സന്നദ്ധ- ജനകീയ പ്രതിരോധ-നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ചുരുങ്ങിയത് ആറുമാസമെങ്കിലും ഉറച്ചുനിന്ന് പ്രവർത്തനങ്ങളിലേർപ്പെട്ട് പഠിക്കാൻ സാധിക്കുന്നവർമാത്രം അപേക്ഷിച്ചാൽ മതി. തിരഞ്ഞെടുക്കുന്ന ഏതാനും പേർക്ക് താമസ ഭക്ഷണ സൗകര്യങ്ങൾക്ക് പുറമേ സ്റ്റൈപന്റും നല്കും. യഥാർത്ഥത്തിൽ സജീവ താല്പര്യമുള്ളവർ മാത്രം 'സാമൂഹ്യ പ്രവർത്തനജീവിതത്തെക്കുറിച്ച്' മൂന്ന് പേജിൽ കുറയാത്ത നിങ്ങളുടെ സങ്കൽപ്പം/സ്വപ്നം എഴുതി 5 രൂപയുടെ തപാൽ സ്റ്റാമ്പൊട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവർ സഹിതം പതിനഞ്ച് ദിവസത്തിനകം അയക്കുക.

ഇതു സംബന്ധിച്ച് തപാലിലൂടെ മാത്രമേ ഒന്നാംഘട്ടത്തിൽ ബന്ധപ്പെടേണ്ടതുള്ളു.

*മാനേജിങ് ട്രസ്റ്റി, കേരളീയം ട്രസ്റ്റ്, തൃശൂർ-21*